സംസ്ഥാനത്തെ റോഡ് സുരക്ഷാ നടപടികൾ ശക്തമാക്കുന്നതിനുള്ള നടപടി

22 (*322)ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് സുരക്ഷാ നടപടികൾ ശക്തമാക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്;

(ബി) ഈ വിഷയത്തെപ്പറ്റി പഠിക്കുന്നതിന് നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) റോഡ് സുരക്ഷയ്ക്കുവേണ്ടി ഒരു കോർപ്പസ് ഫണ്ട് ഉണ്ടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ റോഡപകടങ്ങളുടെ നിരക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് കണക്കുകളെ ആധാരമാക്കി അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 7/5/1997-ൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ 9/5/1997-ലെ ജി.ഒ.(എം.എസ്) 55/97/പി.ഡബ്ല്യു. ആന്റ് റ്റി പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര കമ്മിറ്റിയും പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു എംപവേർഡ് കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. കൂടാതെ 10/12/91-ലെ ജി.ഒ. നമ്പർ (പി)/84/91/പി.ഡബ്ല്യു ആന്റ് റ്റി പ്രകാരം ഗതാഗത വകുപ്പ് മന്ത്രി ചെയർമാനായി കേരള റോഡ് സേഫ്റ്റി കൗൺസിലും 29/9/95-ലെ ജി.ഒ.(പി)/165/95/പി.ഡബ്ല്യു. ആന്റ് ടി പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി ഡിസ്ട്രിക്റ്റ് റോഡ് സേഫ്റ്റി കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതികളുടെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

1. മോട്ടോർ വാഹന നിയമങ്ങൾ കർശനമായും നടപ്പിലാക്കണമെന്ന് ബന്ധപ്പെട്ട അധികാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

2. വാഹനാപകടം ഒഴിവാക്കുന്നതിനും കുറ്റമറ്റ ട്രാഫിക് സംവിധാനം നടപ്പിലാക്കുന്നതിനുംവേണ്ടി ഐ.ജി.പി. (ഐ.പി. ബറ്റാലിയൻ ആന്റ് ട്രാഫിക്) യുടെ തസ്തിക സൃഷ്ടിച്ച് പ്രവർത്തിച്ചു വരുന്നു.

3. ട്രാഫിക് ജോലികളിൽ പോലീസിനെ സഹായിക്കുന്നതിന് സ്റ്റുഡൻസ് ട്രാഫിക് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ ട്രാഫിക് സിഗ്നൽ ലൈറ്റ് സംമ്പ്രദായം ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

5. വാഹന തിരക്കുള്ള കവലകളിലും മറ്റും ശാസ്ത്രീയമായി മീഡിയനുകളും റീഫ്ളക്ടറുകളും സ്ഥാപിച്ചും ആവശ്യമുള്ള സ്ഥലങ്ങളിൽ ബംബുകൾ നിർമ്മിച്ചും വളവുകളിൽ റോഡുകൾക്ക് വേണ്ടത്ര സൂപ്പർ എലിവേഷൻ കൊടുത്തും വാഹനാപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള മേഖലകളെ അപകട വിമുക്തമാക്കുന്നുണ്ട്.

6. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് കർശനവും സുതാര്യവും ആക്കുന്നതിനായി ഒന്നിലധികം ഉദ്യോഗസ്ഥന്മാർ ചേർന്ന് ഡ്രൈവിംഗ് ടെസ്റ്റ് നടത്തണമെന്നും ഒരു ദിവസം ടെസ്റ്റ് ചെയ്യുന്നവരുടെ എണ്ണം 40 ആയി നിജപ്പെടുത്തുന്നതിനും വ്യവസ്ഥയുണ്ടാക്കി.

7. 20 വർഷത്തിനുള്ളിൽ പഴക്കമുള്ള വാഹനങ്ങൾ ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും അതിന് മുകളിൽ പഴക്കമുള്ള വാഹനങ്ങൾ ഒരു ആർ.ടി.ഒ. യും ഒരു ജോയിന്റ് ആർ.ടി.ഒ. (ഇവരിൽ ഒരാൾ സാങ്കേതിക പരിജ്ഞാനം ഉള്ള ആളായിരിക്കണം) യും ചേർന്ന് പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ നിഷ്ക്കർഷിച്ചു.

8. അപകടങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് ഉണ്ടാക്കി തിരക്കുള്ള സമയങ്ങളിൽ പരിശോധന നടത്തി അമിത വേഗതക്കെതിരെ കർശന നടപടി കൈകൊണ്ടുവരുന്നു. ഇതിലേക്കായി നാല് സ്പീഡ് റഡാറുകൾ വാങ്ങി നൽകിയിട്ടുണ്ട്.

9. മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ കർശന നടപടിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി എല്ലാ ജില്ലാതല ഉദ്യോഗസ്ഥന്മാർക്കും ബ്രീത്ത് അനലൈസറുകൾ വാങ്ങി നൽകിയിട്ടുണ്ട്.

10. ഗതാഗത നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൈക്കൊണ്ടുവരുന്നു. ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യൽ/റദ്ദു ചെയ്യൽ തുടങ്ങിയ നടപടികൾ സ്വീകരിക്കാറുണ്ട്.

11. മോട്ടോർ വാഹന നിയമത്തെപ്പറ്റിയും ചട്ടങ്ങളെപ്പറ്റിയും ബോധവൽക്കരണ ക്ലാസുകളും ഡ്രൈവർമാർക്ക് കണ്ണ് പരിശോധനകളും നടത്തുകയുണ്ടായി.

12. ബസ്സുകളുടെ മത്സരഓട്ടം ഒഴിവാക്കാൻ അവയുടെ റണ്ണിംഗ് ടൈം ദീർഘിപ്പിച്ചു കൊടുത്തിട്ടുണ്ട്.

13. മോട്ടോർ വാഹന നിയമം 112(2) അനുസരിച്ചും കേരളത്തിൽ വാഹനങ്ങൾക്ക് ഓടിക്കാവുന്ന പരമാവധി വേഗത നിർണ്ണയിച്ചുകൊണ്ട് ജി.ഒ.(പി)നം.38/96/പി.ഡബ്ല്യൂ. ആന്റ് ടി. തീയതി 3-2-96 (എസ്.ആർ.ഒ.നം.196/96) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) റിപ്പോർട്ടിന്റെ കോപ്പി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ റോഡുസുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി നടപ്പ് വർഷത്തിൽ ഒരു കോടി രൂപ അനുവദിക്കുകയും അത് ജില്ലകൾക്ക് വീതിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

31-3-2000-ന് മുമ്പ് ടി തുക ചെലവഴിക്കാൻവേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

(എഫ്) കഴിഞ്ഞ അഞ്ച് വർഷത്തെ റോഡപടകങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.

വർഷം	അപകടങ്ങളുടെ എണ്ണം
1995	36086
1996	34702
1997	34656
1998	32837
1999	33977

1995 മുതൽ 1998 വരെയുള്ള വർഷങ്ങളിൽ റോഡപകടങ്ങളുടെ എണ്ണം വർഷാവർഷം കുറഞ്ഞുവന്നിട്ടുണ്ട്. എന്നാൽ 1998-നെ അപേക്ഷിച്ച് 1999-ൽ റോഡപകടങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

പാരാമെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനം

23 (*323) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാരാമെഡിക്കൽ വിദ്യാഭ്യാസ രംഗത്തിന്റെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും മാറ്റം ആവശ്യമാണെന്ന് ബോദ്ധ്യമായിട്ടുണ്ടോ; എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പാരാമെഡിക്കൽ വിദ്യാഭ്യാസരംഗത്ത് നിയന്ത്രണമോ മതിയായ അംഗീകാരമോ ഇല്ലാതെ സ്വകാര്യസ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ മാനദണ്ഡമില്ലാതെ ഓരോ കോഴ്സുകൾക്കും അമിതമായ ഫീസാണ് ഈടാക്കുന്നതെന്നും അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റുകളാണ് വിതരണം ചെയ്യുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) പാരാമെഡിക്കൽ വിദ്യാഭ്യാസം സർക്കാർ മേൽനോട്ടത്തിൽ കൊണ്ടുവരുന്നതിന് ഏകീകൃതമായ ഒരു ആരോഗ്യ വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly